II. ശ്രദ്ധ ക്ഷണിക്കൽ

(1) കോൾകൃഷി വികസന പദ്ധതിയുടെ ഭാഗമായ സ്ഥിരം ബണ്ടുനിർമ്മാണത്തിലെ സ്തംഭനാവസ്ഥ

ശ്രീ. കെ. പി. പ്രഭാകരൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഏറ്റവും കൂടുതൽ നഷ്ടത്തിൽ നടക്കുന്ന കാർഷിക മേഖലയാണ് നെൽക്കൃഷി. നെൽക്കൃഷിക്ക് ഇപ്പോഴും ഗവൺമെൻറ് നൽകിവരുന്ന ഒട്ടനവധി ആനുകൂല്യങ്ങളെ സംബന്ധിച്ച് കൃഷിവകുപ്പുമന്ത്രി ആവർത്തിച്ച് പ്രഖ്യാപിക്കുകയുണ്ടായി. ഇന്നലെതന്നെ അത് ആവർത്തിച്ച് പറയുകയുണ്ടായി. ഇങ്ങനെ പ്രഖ്യാപിക്കപ്പെട്ട പല ആനുകൂല്യങ്ങളും കൃഷിക്കാർക്ക് കാലാകാലങ്ങളിൽ ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ നെൽക്കൃഷിയായ കോൾ കൃഷിയെ സംബന്ധിച്ചിട

9.30 a. m.] ത്തോളം മുൻകാലങ്ങളിൽ ഗവൺമെൻറ് അതിനുവേണ്ടി അനുവദിച്ചിട്ടുള്ളതും ഈ ഗവൺമെൻറ് അനുവദിച്ചിട്ടുള്ളതുമായ ആനുകൂല്യങ്ങളും പലതും ഇന്നും കടലാസിൽ മാത്രമായിട്ട് കിടക്കുകയാണ്. ബഹുഭൂരിപക്ഷം കൃഷിക്കാർക്കും അതിന്റെ ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. തൃശ്ശൂർ കോൾനിലങ്ങളിലെ കൃഷി മെച്ചപ്പെടുത്തുന്നതിന് കൃഷിച്ചെലവ് ചുരുക്കിയും വിളവ് ഇരട്ടിപ്പിച്ചുകൊണ്ട് കൃഷി ആദായകരമാക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ടുമാണ് 1978-ൽ തൃശ്ശൂർ കോൾ വികസനപദ്ധതിയുടെ പ്രവർത്തനമാരംഭിച്ചത്. 1982-ൽ പൂർത്തിയാക്കാമെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് പദ്ധതി ആരംഭിച്ചത്. കോൾ വികസന പദ്ധതിക്കുവേണ്ടി സ്ഥിരമായി ബണ്ടുനിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് ചെയ്തിരുന്നത് ഒൻപതുകോടി രൂപയാണ്. ആ ഒൻപതുകോടി രൂപയും ഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്. 1982-ൽ പൂർത്തിയാകേണ്ട പദ്ധതി 1986 ആയതിനുശേഷവും ബണ്ടിന്റെ മൂന്നിലൊന്നുഭാഗം മാത്രമാണ് പണി നടത്തിയിട്ടുള്ളത് എന്ന് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന്റെ മൂന്നിൽരണ്ടുഭാഗം ബാക്കി കിടക്കുകയാണ്. ആ പണി നടത്തുന്നതിനുള്ള നബാഡിന്റെ സഹായം നിറുത്തിവച്ചിരിക്കുകയാണ്. അതിനുകാരണമായി പറയുന്നത്, പദ്ധതിയുടെ പ്രവർത്തനം നീണ്ടുപോയതിന്റെ ഫലമായിട്ട് വീണ്ടും വീണ്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുന്നുവെന്നാണ്. 1982-ലെ റിവിഷനനുസരിച്ച് 21 കോടി രൂപ വേണം. 1986-ലെ റിവിഷൻ വരുമ്പോഴും അതിനെക്കാൾ കൂടുതൽ ആകും. അങ്ങനെ റിവൈസ് ചെയ്യുന്ന സംഖ്യ മുഴുവൻ നബാഡിന് വഹിക്കാൻ കഴിയില്ല. ഒരു ഏക്കറിന് അയ്യായിരം രൂപയിൽ കൂടുതൽ വരുന്ന തുക സ്റ്റേറ്റ് ഗവൺമെൻറ് വഹിക്കണമെന്നാണ് നബാഡ് ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെ ഈ പദ്ധതിയുടെ അവിഭാജ്യഘടകമാണ്, ബണ്ട് നിർമ്മാണം. ഇവിടെ രണ്ടു പൂ കൃഷിയിറക്കണമെങ്കിൽ ചിമ്മിനിഡാം പദ്ധതി ഇതോടൊപ്പം പൂർത്തിയാക്കണം. ഈ പദ്ധതിയുടെ പ്രവർത്തനം ഇന്ന് തടസ്സപ്പെട്ടു കിടക്കുകയാണ്. 1986-ൽ പാർഷ്യൽ കമ്മിഷൻ നടത്തുമെന്ന് ഇവിടെ ജലസേചന വകുപ്പുമന്ത്രി പറഞ്ഞിട്ട് യാതൊരു നടപടിയും എടുത്തിട്ടില്ല. ഈ വർഷം ഇതിനുവേണ്ടി നീക്കിവച്ച മൂന്നുകോടി രൂപയിൽ ഇതുവരെ ഒരു പൈസയും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. അത് മറ്റു പദ്ധതികൾക്കുവേണ്ടി ഡൈവർട്ട് ചെയ്യുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെൻറ് നിർവ്വഹിക്കേണ്ട ബാദ്ധ്യത നിർവ്വഹിക്കാത്തതുകൊണ്ടാണ് നബാർഡ് തടസ്സം പറഞ്ഞത്. ഭൂമി അക്വിസിഷന്റെ കാലതാമസത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1978-ൽ കൃഷിക്കാർ അഡ്വാൻസ് പൊസഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതാണ്. ആ അഡ്വാൻസ് പൊസഷൻ കൊടുത്ത ഭൂമിയുടെ വില പോലും എട്ടുവർഷമായിട്ടും കൃഷിക്കാർക്ക് കൊടുത്തിട്ടില്ല. അതിന്റെ അക്വിസിഷൻ നടപടികളും പൂർത്തിയാക്കി വില തിട്ടപ്പെടുത്തിയതിന്റെ അവാർഡായ സംഖ്യതന്നെ ഒരുകോടി രൂപ കൃഷിക്കാർക്ക് കിട്ടാനുണ്ട്. ഇങ്ങനെ ഗവൺമെന്റിന്റെ ബാദ്ധ്യത നിർവ്വഹിക്കാത്തതിന്റെ ഫലമായി ആ പദ്ധതികളും നീണ്ടുപോവുകയും അതിന്റെ ഫലമായി 'തീറകൂലിക്ക് പശു അറുതിയായി' എന്നു പറയുന്നതുപോലെ ബണ്ട് നിർമ്മാണം പൂർത്തിയായി വരുമ്പോൾ അതിനുള്ള കടം വീട്ടാൻ കൃഷിക്കാരനെ കഷ്ടപ്പെടുത്തുന്ന അവസ്ഥയിലേക്ക് ആ പദ്ധതി എത്തി നിൽക്കുകയാണ്. അതിന് അടിയന്തിരമായിട്ട് സംസ്ഥാന ഗവൺമെന്റ് ബാദ്ധ്യത നിർവ്വഹിച്ചുകൊണ്ട് പണി പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കൃഷിക്കാർ കടത്തിലും നഷ്ടത്തിലും ആകാൻ പോവുകയാണ്.

1984-ൽ ലോക്സഭാ തെരഞ്ഞെടുപ്പിന് ഒരുമാസം മുമ്പായി ഗവൺമെന്റ് തൃശ്ശൂർ, കുട്ടനാട് എന്നീ സ്ഥലങ്ങളിലെ കർഷകർക്കുവേണ്ടി രണ്ടാംവിള യെടുക്കുന്നതിന് പമ്പിംഗ് സബ്സിഡി പുതുതായി ഏർപ്പെടുത്തി. പക്ഷേ ആ സബ്സിഡിയുടെ മൂന്നിൽരണ്ടുഭാഗം സംഖ്യ മാത്രമാണ് കൃഷിക്കാർക്ക് കൊടുത്തത്. അതിനുശേഷം 1984 മുതൽ തുടർന്നുകൊടുക്കേണ്ടത് പിന്നീട് ഒരു പൈസപോലും കൊടുത്തിട്ടില്ല. അതിനി കൊടുക്കുമോ ഇല്ലയോ എന്നുള്ളത് വ്യക്തമാകാത്ത സ്ഥിതിയാണ്. തൃശ്ശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഇരുപത്തിനാലു ലക്ഷം രൂപ രണ്ടുവർഷം മുമ്പ് രണ്ടാംവിളയുടെ സബ്സിഡിയായി കൊടുത്തത് കിട്ടാനുണ്ട്. ഇതിനുമുമ്പ് കൊടുത്തു പോന്നിരുന്ന ഓർഡിനറി ക്രോപ്പിൽ പുഞ്ചക്കൃഷി സബ്സിഡിയായി ഇരുപത്തിയേഴുലക്ഷം രൂപ കഴിഞ്ഞവർഷം കിട്ടാനുള്ളത് ബാക്കിയാണ്. ഈ വർഷത്തെ സബ്സിഡിയും കൊടുക്കാനുണ്ട്. അൻപത്തിയൊന്നുലക്ഷം രൂപയുടെ സബ്സിഡിതന്നെ ഗവൺമെന്റ് അനുവദിച്ചത് കൃഷിക്കാർക്ക് കൊടുക്കാതെ കിടക്കുകയാണ്. വളം സബ്സിഡി എല്ലാവർക്കും കൊടുക്കുമെന്ന് ധനകാര്യവകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചതാണ്. പന്ത്രണ്ടു ലക്ഷം രൂപ പ്രഖ്യാപിച്ചതിൽ അഞ്ചു ലക്ഷം രൂപയേ തൃശ്ശൂർ ജില്ലയിൽ അനുവദിച്ചിട്ടുള്ളു. ഏഴു ലക്ഷം രൂപ കൂടിയുണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളു. അഞ്ചു ലക്ഷം രൂപ കിട്ടിയത് കൃഷിക്കാർക്ക് എങ്ങനെ കൊടുക്കുമെന്ന് പറഞ്ഞിട്ട് കൊടുക്കാതെ വച്ചിരിക്കുകയാണ്. ഇതാണ് അനുവദിച്ച ആനുകൂല്യങ്ങളുടെ സ്ഥിതി. ഇതിനുമുമ്പ് കൃഷിക്കാർക്ക് നൽകിവന്നിരുന്ന പല ആനുകൂല്യങ്ങളും നിറുത്തലാക്കിയതിനെക്കുറിച്ച് പല തവണ ഞാനിവിടെ പറഞ്ഞതാണ്. ഇതുവരെ ഗവൺമെന്റ് അത് പരിഗണിച്ചിട്ടില്ല.

കായൽ നെൽക്കൃഷിയിൽ സമുദ്രനിരപ്പിൽനിന്ന് മൂന്നടി താഴെ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഏറ്റവും കൂടുതൽ അമ്ലതയുള്ള സ്ഥലമാണെങ്കിൽ സ്ഥിരമായി, കുമ്മായം ഉപയോഗിച്ചില്ലെങ്കിൽ കൃഷി നഷ്ടത്തിൽ ആകും എന്നുള്ളത് വിദഗ്ദ്ധൻമാർ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് അൻപതു ശതമാനം സബ്സിഡി നിരക്കിൽ കുമ്മായം കൊടുത്തിരുന്നു. അതിപ്പോൾ നിറുത്തലാക്കി.

അതുപോലെ പായൽ വന്നുകൂടി ഒരു വലിയ വിഭാഗം ജനങ്ങൾക്ക് അതിന്റെ ചെലവുകൂടി താങ്ങാൻ ആകാത്ത സാഹചര്യത്തിലാണ്. ആ പായൽ നീക്കാൻ സഹായധനം കൊടുത്തിരുന്നു. അത് ഇപ്പോൾ നിറുത്തലാക്കി. മൂന്നിലൊന്നുഭാഗം ബണ്ട് വർഷംതോറും താൽക്കാലികമായി നിർമ്മിച്ച് കൃഷിയിറക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന് മുട വേണം. വളരെ വർഷങ്ങളായി ആ മുട ചുരുങ്ങിയ നിരക്കിൽ നമ്മുടെ ഫോറസ്റ്റിൽനിന്ന് നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് പെർമിറ്റ് കൊടുത്തിരുന്നതാണ്. രണ്ടുവർഷമായി പെർമിറ്റ് കൊടുക്കുന്നില്ല. ഇങ്ങനെ നിലവിലുണ്ടായിരുന്ന സൗജന്യങ്ങളെല്ലാം നിറുത്തലാക്കി ഇപ്പോഴും കൊടുക്കുമെന്നു പറയുന്ന ആനുകൂല്യങ്ങളൊന്നുതന്നെ പകുതിയും കൃഷിക്കാർക്ക് കിട്ടുന്നില്ല. സമയാസമയങ്ങളിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങളെങ്കിലും കൃഷിക്കാർക്ക് ലഭിക്കാത്തതിന്റെ ഫലമായി പത്തുമുപ്പതിനായിരം കോഴിക്കൃഷിക്കാരുടെ ജീവിതംതന്നെ ദുരിതപൂർണ്ണമായിരിക്കുകയാണ്. അതിന് അടിയന്തിര പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, 1978-79-ലാണ് തൃശ്ശൂർ കോഴ വികസന പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ അടങ്കൽ തുക ഒൻപതുകോടി അഞ്ചുലക്ഷം രൂപയായിരുന്നു. നാലുവർഷം കൊണ്ട് പണി പൂർത്തിയാക്കാമെന്ന് കരുതിയിരുന്നെങ്കിലും സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുവാൻ ഉണ്ടായ കാലതാമസവും ലേബർ ചാർജ്ജിൽ ഉണ്ടായ വർദ്ധനവും 1981 ഒക്ടോബർ മുതൽ നബാഡും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും ഈ പദ്ധതികൾക്കുവേണ്ടി പണം കടം തരുന്നത് താൽക്കാലികമായി നിറുത്തലാക്കിയതും പദ്ധതിയുടെ നടത്തിപ്പിൽ കാലതാമസമുണ്ടാക്കി. 1981 ഡിസംബറിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സഹായധനം പുനരാരംഭിച്ചു. പദ്ധതിയുടെ അടങ്കൽ തുക പിന്നീട് പുതുക്കേണ്ടി വന്നു. പുതുക്കിയ അടങ്കൽത്തുക ഇരുപത്തിയൊന്നുകോടി നൽപ്പത്തിയൊന്നു ലക്ഷം രൂപയായിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് 1982-ൽത്തന്നെ അനുമതിക്കുവേണ്ടി നബാഡിന് നൽകുകയുണ്ടായി. ഇതുവരെ നബാഡിന്റെ അനുമതി കിട്ടിയിട്ടില്ല. ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. 1985 ഏപ്രിൽ മുതൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ വായ്പാസഹായം വീണ്ടും നിറുത്തിവച്ചിരിക്കുന്നു. നബാഡുമായുള്ള ചർച്ചയുടെ ധാരണയിൽ 1.25 കോടി രൂപയുടെ ഇടക്കാലവായ്പ നബാർഡ് അനുവദിച്ചിട്ടുണ്ട്. പക്ഷേ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അതിതുവരെ റിലീസ് ചെയ്തിട്ടില്ല. അതെത്രയുംവേഗം ലഭിക്കുന്നതിന് സ്റ്റേറ്റ് ഗവൺമെന്റ്, ഇൻഡ്യാ ഗവൺമെന്റിനു കത്തയച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനം നിറുത്തിക്കഴിഞ്ഞിട്ടില്ല. ആകെ നിർമ്മിക്കാനുള്ള 215 കി.മീറ്റർ ബണ്ടിന്റെ പണിയിൽ 82.50 കിലോമീറ്റർ ബണ്ടിന്റെ പണി ഇതിനകം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. 75 കിലോമീറ്റർ ബണ്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്.

തൃശ്ശൂർ കോഴ മേഖലയിൽ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുവേണ്ടി 2,60,65,802 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. 93,11,000 രൂപ ഇനി ഈ ഇനത്തിൽ വിതരണം ചെയ്യാനുണ്ട്. അത് വിതരണം ചെയ്യുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. തൃശ്ശൂർ മേഖലയുടെ കോഴ കർഷകർക്ക് പമ്പിംഗ് സബ്സിഡിയിനത്തിൽ 1984-85-ൽ ഏഴുലക്ഷം രൂപയും 1985-86-ൽ 29 ലക്ഷം രൂപയും അടക്കം 36 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ട്. പമ്പിംഗ് സബ്സിഡി നൽകാനായി ഈ വർഷത്തെ ബഡ്ജറ്റിൽ 165 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതിൽ 41 ലക്ഷം രൂപ ഇതിനകം തൃശ്ശൂർ പുഞ്ചകൃഷി സ്പെഷ്യൽ ഓഫീസർക്ക് അലോട്ടു ചെയ്തു കഴിഞ്ഞിട്ടുണ്ട്. കുടിശ്ശിക വന്നിട്ടുള്ള പമ്പിംഗ് സബ്സിഡികൂടി കൊടുത്തുതീർക്കാൻവേണ്ടി അഡീഷണൽ അലോട്ടുമെന്റ് നൽകുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്. 1985-86-ലെ വളം സബ്സിഡി കുടിശ്ശിക നൽകുന്നതിനും 1986-87-ലെ

LIBRARY ARCHIVES Kerala Legislative Assembly

വളം സബ്സിഡി നൽകുന്നതിനുംകൂടി 35 ലക്ഷം രൂപ പല ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ 5,52,000 രൂപ തൃശ്ശൂർ ജില്ലയിലെ കർഷകർക്ക് നൽകുന്നതിനുള്ള നടപടികളും നടന്നുകൊണ്ടിരിക്കുന്നു. കൊടുക്കുവാനുള്ള കുടിശ്ശികയുംകൂടി കൊടുക്കുന്നതിനുള്ള നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : നബാർഡിന്റെ സഹായം തുടർന്ന് ലഭിക്കണമെങ്കിൽ അപ്പോഴും ഏക്കറൊന്നിന് അയ്യായിരം രൂപയ്ക്കു മുകളിൽ വരുന്ന എസ്റ്റിമേറ്റ് സംബ്യ സ്റ്റേറ്റ് ഗവൺമെന്റ് വഹിക്കണമെന്ന നിബന്ധന മുന്നോട്ടു വച്ചിരിക്കയാണ്. ആ നിബന്ധന അംഗീകരിക്കാതെ നബാർഡിന്റെ സഹായം കിട്ടുകയില്ല. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ് ? കുട്ടനാട്, അതംഗീകരിച്ച അടിസ്ഥാനത്തിലാണ് രണ്ടാമത് കൊടുത്തയ്. അത് അംഗീകരിക്കുവാൻ ഗവൺമെന്റ് തയ്യാറുണ്ടോ ? ഇല്ലെങ്കിൽ ഈ പദ്ധതി എങ്ങനെ നടപ്പാക്കും എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഗവൺമെന്റ് ആറുകോടി രൂപ കൊടുക്കാനുണ്ട്. അതിനെക്കുറിച്ച് നടപടി എടുത്തുകൊണ്ടിരിക്കുന്നു.

(2) കൊയിലാണ്ടി താലൂക്ക് ആയുർവ്വേദാശുപത്രിക്ക് കെട്ടിടം പണിയണമെന്ന ആവശ്യം

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, എന്റെ നിയോജകമണ്ഡലത്തിലെ പയ്യോളി പഞ്ചായത്തിൽ തച്ചുകുന്ന് എന്ന പ്രദേശത്തെ കൊയിലാണ്ടി താലൂക്ക് ആയുർവ്വേദ ആശുപത്രിയുടെ ദുഃഖകരമായ അവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ പ്രമേയം മുഖേന ആഗ്രഹിക്കുന്നത്. 1959 ജൂൺ മാസത്തിലാണ് ഈ ആയുർവ്വേദ ആശുപത്രി അവിടെ സ്ഥാപിക്കുന്നത്. ഇത്രയും കൊല്ലമായിട്ടും സ്വന്തമായി ഒരു കെട്ടിടം ഇല്ലാതെ രണ്ടു മൂന്നു പ്രാവശ്യമായി മാറിമാറി വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്. ഇപ്പോഴും പ്രവർത്തിച്ചുവരുന്ന വാടകക്കെട്ടിടം ഒഴിഞ്ഞു കൊടുക്കണമെന്നു പറഞ്ഞ് അതിന്റെ ഉടമ നോട്ടീസു കൊടുത്തിരിക്കുകയാണ്. ഇതിനുമുമ്പ് ആ പ്രദേശത്തുണ്ടായിരുന്ന ഒരു കോടതിയും പോസ്റ്റാഫീസും മറെറാരു സ്ഥാപനവുമെല്ലാം മറ്റു സ്ഥലങ്ങളിലേക്ക് മാറിക്കൊണ്ടുപോയ അവസ്ഥ പരിഗണിച്ചുകൊണ്ട് നാട്ടുകാർ ഈ കാര്യത്തിൽ വളരെ ഉൽക്കണ്ഠാകുലരാണ്. പത്ത് ബെഡ് സ്ട്രെങ്ത് (Bed Strength) മാത്രമേ ഉള്ളുവെങ്കിലും ഡോക്ടർമാരടക്കം എട്ടോളം ജീവനക്കാരുള്ള ആ ആയുർവ്വേദ ആശുപത്രിയിൽ ഇന്ന് ഏകദേശം പതിനഞ്ചോളം രോഗികളെ കിടത്തി ചികിൽസിക്കുന്നു. ഏറെവും കൂടിയത് നൂറിയൻപതോളം ഔട്ട് പേഷ്യൻറ്സ് അവിടെ വന്നുപോയിക്കൊണ്ടിരിക്കുകയാണ്. കൊയിലാണ്ടി താലൂക്കിലെ, പേരാമ്പ്ര, ബാലുശ്ശേരി, മേപ്പയൂരിന്റെ ഒരു ഭാഗം, വടകര താലൂക്കിലെയും കീഴരിയൂർ തുടങ്ങിയ വളരെ പിന്നോക്കം കിടക്കുന്ന പ്രദേശങ്ങളിലുമുള്ള ധാരാളം രോഗികളും വന്നുപോയിക്കൊണ്ടിരിക്കുന്ന ആശുപത്രിയാണ് അത്. പലവട്ടം ഇവിടെ മാറിമാറി വന്ന പല ഗവൺമെന്റുകളുടെയും കാലത്ത് നിരവധി നിവേദനങ്ങൾ നടത്തിയിട്ടുപോലും കെട്ടിടം പണിയാൻ അനുകൂലമായ തീരുമാനം ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly